**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5760** **16-03-2023 - ൽ മറുപടിയ്ക്ക്**

**ആലുവ ജില്ല ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആലുവ ജില്ലാ ആശുപത്രിക്ക് ക്രിട്ടിക്കൽ കെയർ യൂണിറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2020-2021 ലെ ആസ്തി വികസന ഫണ്ടുപയോഗിച്ച് വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ 29.06.2022 ലെ സി1/5993/2020 നമ്പർ കത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ സർക്കാരിലേയ്ക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ബഹു. എറണാകുളം എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോവിഡ് പ്രതിരോധ പ്രവർത്തന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിനായി സമർപ്പിച്ച ബില്ലുകളും അനുബന്ധ രേഖകളും എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കുകയും ആയത് പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ 06/08/2022 ലെ MSP2/48889/2022/ആ.വ.ഡ നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത തുക അനുവദിക്കുന്നതിനായുള്ള ഫയലിൽ ആരോഗ്യ വകുപ്പ് സെക്രട്ടറി നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ ആരോഗ്യ വകുപ്പ് സെക്രട്ടറി നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ഭരണാനുമതി ലഭിച്ചത് പ്രകാരം വാങ്ങിയിട്ടുള്ള ഉപകരണങ്ങൾക്ക് KMCL ൽ നിന്നും വാറന്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി സമർപ്പിയ്ക്കുവാൻ 26-10-2022 ലെ 386/ഇ2/2022/ആ.കു.വ നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ കത്തിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | 2020-2021 ലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തിയ്ക്ക് തുക അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ കാരണം അറിയിക്കുമോ; കാലതാമസം വന്നതിന് ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച വന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് എത്രയും വേഗം | (സി) | ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ഭരണാനുമതി ലഭിച്ചത് പ്രകാരം വാങ്ങിയിട്ടുള്ള ഉപകരണങ്ങൾക്ക് KMCL ൽ നിന്നും വാറന്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി സമർപ്പിയ്ക്കുവാൻ 26-10-2022 ലെ 386/ഇ2/2022/ആ.കു.വ നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ കത്തിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ, പി.ഒ, തിരുവനന്തപുരം പിൻ– 695035
Ph:0471-2302490 Fax:0471-2303025/2303080
**Email:** dhskerala@gmail.com **/Website:** www.dhs.kerala.gov.in

എം.എസ്.പി 2- 48889/2022 /ആ.വ.ഡ തീയതി: 6.8.2022

പ്രേഷകൻ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്
പ്രിൻസിപ്പൽ സെക്രട്ടറി
ആരോഗ്യകുടുംബ ക്ഷേമ വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

30 AUG 2022

സർ,

വിഷയം – ആ.വ.ഡ – എറണാകുളം ജില്ല – ബഹുമാനപ്പെട്ട അൻവർ സാദത്ത് എം.എൽ.എ യുടെ ആസ്തി വികസന പദ്ധതി 2020-21 തുക അനുവദിക്കുന്നത് – സംബന്ധിച്ച്.

സൂചന – ജി.മെ.ആ (ആരോഗ്യം) എറണാകുളത്തിന്റെ കത്ത് നം.സി1/5993/2020, തീയതി 29.6.2022

സൂചനയിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു . മേൽ സൂചന പ്രകാരം എറണാകുളം ജില്ല ബഹുമാനപ്പെട്ട അൻവർ സാദത്ത് എം .എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ (2020-21 ) ഉൾപ്പെടുത്തി ആലുവ ജില്ലാ ആശുപത്രിയുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായിട്ടുള്ള വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് 99.5 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 64,82,943/- (അറുപത്തി നാല് ലക്ഷത്തി എൺപത്തി രണ്ടായിരത്തി തൊള്ളായിരത്തി നാൽപത്തി മൂന്ന് രൂപ മാത്രം ) യുടെ ഉപകരണങ്ങൾ KMSCL ന്റെ റേറ്റ് കോൺട്രാക്ട് പ്രകാരം വാങ്ങിയിട്ടുള്ളതാകുന്നു . ആയതിന്റെ ബില്ലുകളും അനുബന്ധ രേഖകളും ഇതോടൊപ്പം സമർപ്പിക്കുന്നു . എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തന്നെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി 5475-00-800-91 എന്ന ശീർഷകത്തിൽ നിന്നും മേൽ സൂചിപ്പിച്ച തുക മാത്രം അനുവദിച്ചു കൊണ്ട് ഭരണാനുമതി നൽകുന്നതിനു വേണ്ട നടപടി സ്വീകരിക്കാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്,
ഡോ.ഷിനു.കെ.എസ്
അഡീഷണൽ ഡയറക്ടർ (മെഡിക്കൽ I/c)
ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി

ഉള്ളടക്കം – ബില്ലുകളും അനുബന്ധ രേഖകളും.

പകർപ്പ് – 1) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
എറണാകുളം.
2) കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

സെക്ഷൻ ഓഫീസർ

Annexure -2

1/5468185/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ആരോഗ്യകുടുംബക്ഷേമ (ഇ) വകുപ്പ്

നം.386/ഇ2/2022/ആ.കു.വ

26-10-2022,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി,

ആരോഗ്യ വകുപ്പ് ഡയറക്ടർ,

തിരുവനന്തപുരം.

സർ,

വിഷയം:- ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - എറണാകുളം ജില്ല - ബഹു.അൻവർ സാദത്ത് എം.എൽ.എ യുടെ ആസ്തി വികസന പദ്ധതി 2020-21 തുക അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 06.08.2022 തീയതിയിലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ എം.എസ്.പി.2 - 48889/2022/ ആവഡ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. ബഹു. ആലുവ എം.എൽ.എ ശ്രീ.അൻവർ സാദത്ത് അവർകളുടെ 2020-21 നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്ന് 99.50 ലക്ഷം രൂപ വിനിയോഗിച്ച് ആലുവ ജില്ലാ ആശുപത്രിയിൽ ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചതിൻ പ്രകാരം 64,82,943/- രൂപയ്ക്ക് ഇപ്പോൾ വാങ്ങിയിട്ടുള്ള ഉപകരണങ്ങൾക്ക് KMSCLൽ നിന്നും വാറന്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
അമൃത്‌ലാൽ എ ആർ
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by Khadeeja Alungal
Date: 26-10-2022 16:39:38
സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ